**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 47** **08-08-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. എം. വിൻസെന്റ്, ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എൽ വൺ ആയി തെരഞ്ഞെടുത്ത തിരുവനന്തപുരത്തെ സ്റ്റാർട്ട്അപ്പ് കമ്പനിക്ക് കരാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | കരാർ നൽകിയിട്ടില്ല. പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത ചില കമ്പനികൾ ടെൻഡർ പ്രക്രിയയുടെ നടപടിക്രമം സംബന്ധിച്ച് പരാതി ഉന്നയിച്ചിരുന്നു . പരാതി പരിശോധിച്ച ശേഷം ടെൻഡർ നടപടിക്രമത്തിൽ പിശക് കണ്ടെത്തിയതിനെത്തുടർന്നാണ് നിലവിലുള്ള ടെൻഡർ റദ്ദ് ചെയ്ത ശേഷം റീടെൻഡർ ചെയ്യാൻ നിർദേശം നൽകിയത്. |
| (ബി) | പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത റെയിൽ ടെൽ, അക്ഷര എന്നീ കമ്പനികൾ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് എൽ വൺ ആയ കമ്പനിക്ക് കരാർ നൽകാത്തത് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | കരാർ നൽകിയിട്ടില്ല. പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത ചില കമ്പനികൾ ടെൻഡർ പ്രക്രിയയുടെ നടപടിക്രമം സംബന്ധിച്ച് പരാതി ഉന്നയിച്ചിരുന്നു. പരാതി പരിശോധിച്ച ശേഷം ടെൻഡർ നടപടിക്രമത്തിൽ പിശക് കണ്ടെത്തിയതിനെത്തുടർന്നാണ് നിലവിലുള്ള ടെൻഡർ റദ്ദ് ചെയ്ത ശേഷം റീടെൻഡർ ചെയ്യാൻ നിർദേശം നൽകിയത്. |
| (സി) | കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് ടെൻഡർ കണ്ടീഷൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (സി) | ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല. |
| (ഡി) | ഇത് നിയമാനുസൃതമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല. |
| (ഇ) | കെ-ഫോൺ പദ്ധതിയുടെ ഒരു കരാറും എസ്.ആർ.ഐ.റ്റി., റെയിൽടെൽ ഒഴികെയുള്ള മറ്റു സ്ഥാപനങ്ങൾക്ക് ലഭിക്കാൻ പാടില്ല എന്ന | (ഇ) | ഇല്ല. |

| | | | |
|---|---|---|---|
| | ലക്ഷ്യമാണ് ടെൻഡർ പൂർത്തിയായശേഷം ടെൻഡർ ക്യാൻസൽ ചെയ്തതിന് പിന്നിൽ എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ